RCS/2621/2025-EM(2).　　　　　　സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം.　21-03-2025

## സർക്കുലർ നമ്പർ 13/2025

വിഷയം:-　സഹകരണ വകുപ്പ് –സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ ജി എസ് ടി കൃത്യമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്- സംബന്ധിച്ച്.

സൂചന:-　സഹകരണ ആഡിറ്റ് ഡയറക്ടറുടെ 17/02/2025-ലെ DCA/869/2023 A(2) നമ്പർ കത്ത്.

സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ ജി എസ് ടി കൃത്യമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റർമാരെ ഉൾപ്പെടുത്തി ജി എസ് ടി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അതതു ജില്ലകളിൽ പരിശീലന പരിപാടി സംഘടിപ്പിക്കുകയും, ടി പരിശീലന പരിപാടിയിൽ ജി എസ് ടി ആക്ട് സംബന്ധിച്ചും, സഹകരണ സംഘങ്ങളിൽ നടത്തുന്ന ഇടപാടുകളിൽ ഏതെല്ലാം ഇടപാടുകൾ ജി എസ് ടിയുടെ പരിധിയിൽ വരും എന്നത് സംബന്ധിച്ചും, ജി എസ് ടി റിട്ടേൺ ഫയൽ ചെയ്യുന്നത് സംബന്ധിച്ചും, സംഘങ്ങൾ ജി എസ് ടി റിട്ടേൺ സമയ ബന്ധിതമായി ഫയൽ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ചുമുള്ള വിശദമായ ക്ലാസ്സ് ജി എസ് ടി വകുപ്പ് ഉദ്യോഗസ്ഥർ ആഡിറ്റർമാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി പരാമർശ പ്രകാരം സഹകരണ ആഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സഹകരണ സംഘം/ബാങ്കുകളിൽ ആഡിറ്റ് പൂർത്തിയാക്കുന്ന അവസരത്തിൽ, ആഡിറ്റർമാർ സംഘങ്ങൾ/ബാങ്കുകൾ ജി എസ് ടി റിട്ടേൺ സമയ ബന്ധിതമായി ഫയൽ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും, സഹകരണ സംഘം/ബാങ്കുകളിലെ അതത് യൂണിറ്റ് ഇൻസ്പെക്ടർമാർ അവരുടെ പരിശോധനാ വേളകളിൽ ജി എസ് ടി സംബന്ധിച്ച് പരിശോധന നടത്തേണ്ടതും, സഹ. ആഡിറ്റ് റിപ്പോർട്ടുകൾ/ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിൽ ടി വിവരം കൃത്യമായി പരാമർശിക്കേണ്ടതുമാണ്. സംഘങ്ങൾ ജി എസ് ടി റിട്ടേൺ സമയബന്ധിതമായി ഫയൽ ചെയ്തിട്ടില്ലാത്തത് സംബന്ധിച്ച് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാരുടെ ശ്രദ്ധയിൽ പെടുന്ന പക്ഷം ബന്ധപ്പെട്ട സംഘം/ബാങ്കിനെതിരെ കർശന നടപടി കൈക്കൊള്ളേണ്ടതാണ്.

ഒപ്പ്/-

Dr. D SAJITH BABU IAS

**സഹകരണ സംഘം രജിസ്ട്രാർ.**

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.

3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും.

4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന).

5. എഡിറ്റർ,സഹകരണ വീഥി.

6. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

Signed by Bindu S
Date: 22-03-2025 12:39:18

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ എം)